**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 91** **07-10-2024 - ൽ മറുപടിയ്ക്ക്**

**വടകര-മാഹി കനാൽ നിർമ്മാണം**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><td colspan="2">ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ</td><td colspan="2">ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി)</td></tr>
<tr><td>(എ)</td><td>വടകര-മാഹി കനാൽ ദേശീയ ജലപാത നിലവാരത്തിലേക്ക് ഉയർത്തുന്നതിന്റെ ഭാഗമായി ഓരോ റീച്ചിലും നടന്നുവരുന്ന പ്രവൃത്തികൾ എന്തൊക്കെയാണെന്ന് ആയതിന്റെ നിലവിലെ അവസ്ഥ സഹിതം വിശദമാക്കാമോ;</td><td>(എ)</td><td>
<u>റീച്ച് - 1</u>
<table>
<tr><th>ക്രമ നം.</th><th>പ്രവൃത്തിയുടെ പേര്</th><th>നിലവിലെ സ്ഥിതി</th></tr>
<tr><td>1</td><td>വടകര – മാഹി കനാലിന്റെ ചെ. 450.080 കി.മീ. മുതൽ 454.080 വരെ ശേഷിക്കുന്ന നിർമ്മാണ പ്രവൃത്തികൾ</td><td>പ്രവൃത്തി പുരോഗമിച്ചു വരുന്നു. 18% പ്രവൃത്തി പൂർത്തിയായി.</td></tr>
<tr><td>2</td><td>വടകര – മാഹി കനാലിന് കുറുകെ മൂഴിക്കലിൽ ലോക്ക് കം ബ്രിഡ്ജ് നിർമ്മാണം</td><td>96% പ്രവൃത്തി പൂർത്തിയായി</td></tr>
<tr><td>3</td><td>മൂഴിക്കലിൽ ലോക്ക് കം ബ്രിഡ്ജിന്റെ അപ്രോച്ച് റോഡ് നിർമ്മാണ പ്രവൃത്തി</td><td>88% പ്രവൃത്തി പൂർത്തിയായി</td></tr>
</table>
<u>റീച്ച് - 2</u>
<table>
<tr><th>ക്രമ നം.</th><th>പ്രവൃത്തിയുടെ പേര്</th><th>നിലവിലെ സ്ഥിതി</th></tr>
<tr><td>1</td><td>വടകര – മാഹി കനാലിന്റെ ചെ. 454.080 കി.മീ. മുതൽ 457.380 വരെയുള്ള നിർമ്മാണ പ്രവൃത്തികൾ</td><td>കരാർ പ്രകാരമുള്ള പ്രവൃത്തികൾ പൂർത്തിയായി. റിവൈസ്ഡ് എസ്റ്റിമേറ്റ് (RE)-ൽ മണ്ണിന്റെ റിക്കവറി നിരക്ക് കൂട്ടുതലാക്കിയതിനാൽ കരാറുകാരൻ ബഹു. കേരള ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തിരിക്കുകയാണ്. കേസ് നിലനിൽക്കുന്നതിനാൽ RE പ്രകാരം അംഗീകരിക്കപ്പെട്ട പ്രവൃത്തികൾ നിലവിൽ നടക്കുന്നില്ല.</td></tr>
</table>
<u>റീച്ച് - 3</u>
</td></tr>
</table>

<table>
<tr>
<td></td>
<td></td>
<td></td>
<td>
<table>
<tr><th>ക്രമ നം.</th><th>പ്രവൃത്തിയുടെ പേര്</th><th>നിലവിലെ സ്ഥിതി</th></tr>
<tr><td>1</td><td>വടകര – മാഹി കനാലിന്റെ ചെ. 457.380 കി.മീ. മുതൽ 460.620 വരെയുള്ള നിർമ്മാണ പ്രവൃത്തികൾ</td><td>പ്രവൃത്തി പുരോഗമിച്ചു വരുന്നു. 52% പ്രവൃത്തി പൂർത്തിയായി.</td></tr>
</table>
<br>
<u>റീച്ച് - 4</u>
<br>
<table>
<tr><th>ക്രമ നം.</th><th>പ്രവൃത്തിയുടെ പേര്</th><th>നിലവിലെ സ്ഥിതി</th></tr>
<tr><td>1</td><td>വടകര – മാഹി കനാലിന്റെ ചെ. 460.620 കി.മീ. മുതൽ 464.210 വരെയുള്ള നിർമ്മാണ പ്രവൃത്തികൾ</td><td>93% പ്രവൃത്തി പൂർത്തിയായി. പ്രവൃത്തിയുമായി ബന്ധപ്പെട്ട് ബഹു. കേരള ഹൈക്കോടതിയിൽ കരാറുകാരൻ ഫയൽ ചെയ്ത കേസ് നിലവിലുള്ളതിനാൽ പ്രവൃത്തി നടക്കുന്നില്ല.</td></tr>
</table>
<br>
<u>റീച്ച് - 5</u>
<br>
<table>
<tr><th>ക്രമ നം.</th><th>പ്രവൃത്തിയുടെ പേര്</th><th>നിലവിലെ സ്ഥിതി</th></tr>
<tr><td>1</td><td>വടകര – മാഹി കനാലിന്റെ ചെ. 464.210 കി.മീ. മുതൽ 467.690 വരെയുള്ള നിർമ്മാണ പ്രവൃത്തികൾ</td><td>പ്രവൃത്തി പുരോഗമിച്ചു വരുന്നു. 90% പ്രവൃത്തി പൂർത്തിയായി.</td></tr>
<tr><td>2</td><td>വടകര – മാഹി കനാലിനു കുറുകെ കരിങ്ങാലിമുക്കിൽ ലോക്ക് കം ബ്രിഡ്ജ് നിർമ്മാണം</td><td>പ്രവൃത്തി പുരോഗമിച്ചു വരുന്നു. 71% പ്രവൃത്തി പൂർത്തിയായി.</td></tr>
</table>
</td>
</tr>
<tr>
<td>(ബി)</td>
<td>വടകര-മാഹി കനാൽ ദേശീയ ജലപാത നിലവാരത്തിലേക്ക് ഉയർത്താൻ എന്നാണ് സാധിക്കുന്നതെന്ന് അറിയിക്കാമോ; കനാൽ നിർമ്മാണത്തിന്റെ ഭാഗമായി മുൻ നിശ്ചയിച്ച പ്രകാരമുള്ള പ്രവൃത്തികൾക്ക് തടസ്സങ്ങൾ നേരിടുന്നുണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;</td>
<td>(ബി)</td>
<td>2026 മാർച്ചോടുകൂടി പൂർത്തീകരിക്കാമെന്നാണ് പ്രതീക്ഷിക്കുന്നത്. നിശ്ചയിച്ച പ്രകാരം പ്രവൃത്തികൾ തടസ്സം കൂടാതെ നടപ്പാക്കുന്നതിനുള്ള നടപടികളാണ് നിലവിൽ സ്വീകരിച്ചു വരുന്നത്</td>
</tr>
<tr>
<td>(സി)</td>
<td>പ്രസ്തുത പദ്ധതിയുടെ ഭാഗമായി അനുമതി ലഭിച്ചിട്ടുള്ള കോട്ടപ്പള്ളി പാലത്തിന്റെ നിർമ്മാണ പ്രവൃത്തിയുടെ നിലവിലെ</td>
<td>(സി)</td>
<td>കോട്ടപ്പള്ളി പാലത്തിന്റെ നിർമ്മാണത്തിന് സാങ്കേതികാനുമതിക്കായി എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് മുന്നോടിയായി പ്രസ്തുത പ്രവൃത്തിയുടെ ഡിസൈൻ & ഡ്രോയിംഗ്</td>
</tr>
</table>

| | | | |
|---|---|---|---|
| | സ്ഥിതി എന്താണെന്നും പ്രസ്തുത പ്രവൃത്തി എന്നാണ് ആരംഭിക്കാൻ ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കാമോ? | | വിദഗ്ധ പരിശോധനയ്ക്കായി PWD-യുടെ കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (KHRI)-ന് നൽകിയിരിക്കുകയാണ്. ആയത് ലഭ്യമായശേഷം സാങ്കേതികാനുമതി കൂടി നല്കുന്ന മുറയ്ക്ക് പ്രവൃത്തി ആരംഭിക്കുവാൻ കഴിയുന്നതാണ്. |

സെക്ഷൻ ഓഫീസർ